**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **12-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ബോർഡിന്റെയും അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ആകെ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>തൊഴിൽ വകുപ്പിന്റെ അധികാര പരിധിക്കു പുറത്തുള്ള മറ്റു 15 തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 443,55,16,855/- രൂപ നിലവിലുണ്ട്.

2. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 31,78,16,704/- രൂപ നിലവിലുണ്ട്.

3. **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 92,784,834.81/- രൂപ നിലവിലുണ്ട്.

4. **കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 36,61,163.11/- രൂപ നീക്കിയിരിപ്പുണ്ട്.

5. **കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിലവിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ബാലൻസ് തുകയും, അംശദായ കളക്ഷൻ അക്കൗണ്ടുകളിലെ ഒരു വർഷം എഫ്.ഡി-കളും പെൻഷൻ വിതരണങ്ങൾക്കായുള്ള ഹ്രസ്വകാല സ്ഥിര നിക്ഷേപവും ഉൾപ്പെടെ ആകെ 125, 54,31,237/- രൂപയുണ്ട്.

6. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമ ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 4,16,96,360.72/- രൂപ നീക്കിയിരിപ്പുണ്ട്.

7. **കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 4,33,56,712/- രൂപ ബോർഡ് അക്കൗണ്ടുകളിൽ ഉണ്ട്.

8. **കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് ആകെ 46,00,06,158/- രൂപ വിവിധ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ട്.

9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ ആകെ 99,33,44,977/- രൂപ ബാലൻസുണ്ട്.

10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ അക്കൗണ്ടുകളിൽ 28,24,760/-രൂപ നീക്കിയിരിപ്പുണ്ട്.

11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 39,69,24,10,756/- രൂപ ബാലൻസുണ്ട്.

12. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 458 കോടി രൂപ നിലവിൽ സ്ഥിര നിക്ഷേപമായിട്ടുണ്ട്.

13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഫിക്സ്ഡ് ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ ആകെ 5,67,84,100/- രൂപ നീക്കിയിരുപ്പുണ്ട്.

14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്ഥിരനിക്ഷേപം ഉൾപ്പെടെ വിവിധ അക്കൗണ്ടുകളിലായി 54,04,60,618/- രൂപയുണ്ട്.

15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ സ്ഥിരനിക്ഷേപമായി ആകെ 2714.203112 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയുടെ അക്കൗണ്ടുകളിൽ നിലവിൽ ആകെ 162,46,39,499/- രൂപ നിക്ഷേപിച്ചിട്ടുണ്ട്.